പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2527 — 05/02/2018 ൽ മറുപടിക്ക്

**<u>ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ അബ്രാഹ്മണ ശാന്തിക്കാരുടെ നിയമനം</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.വി.എസ്. ശിവകുമാർ</td><td colspan="2">ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളിൽ അബ്രാഹ്മണ ശാന്തിക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;</td><td>(എ)</td><td>ഉണ്ട്. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വരുന്നതിനു മുമ്പ് തിരുവിതാംകൂർ ദേവസ്വം ബോർഡ് നേരിട്ട് നിയമനം നൽകിയ അബ്രാഹ്മണ ശാന്തിമാരുടെ വിവരം ശേഖരിച്ച് വരുന്നു. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും 140 പേരെ നിയമനത്തിനായി ശിപാർശ ചെയ്തിട്ടുണ്ട്. അവരിൽ അബ്രാഹ്മണരായ 78 പേർക്ക് ചുവടെ പറയും പ്രകാരം നിയമനം ലഭിച്ചു
<table>
<tr><th>സമുദായം</th><th>മെരിറ്റ്</th><th>സംവരണം</th><th>ആകെ</th></tr>
<tr><td>ഈഴവ</td><td>27</td><td>18</td><td>43</td></tr>
<tr><td>പട്ടിക ജാതി</td><td>0</td><td>12</td><td>12</td></tr>
<tr><td>ഒ.ബി.സി</td><td>0</td><td>9</td><td>9</td></tr>
<tr><td>വിശ്വകർമ്മ</td><td>3</td><td>3</td><td>6</td></tr>
<tr><td>ധീവർ</td><td>4</td><td>3</td><td>7</td></tr>
<tr><td>ഹിന്ദു നാടാർ</td><td>0</td><td>1</td><td>1</td></tr>
<tr><td>ആകെ</td><td>34</td><td>44</td><td>78</td></tr>
</table></td></tr>
<tr><td>(ബി)</td><td>ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴിയാണോ പ്രസ്തുത നിയമനം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; നിയമനത്തിൽ എത്ര ശതമാനം സംവരണമാണ് ഏർപ്പെടുത്തിയിരുന്നതെന്ന് വെളിപ്പെടുത്താമോ;</td><td>(ബി)</td><td>കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡാണ് ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ശിപാർശ ചെയ്തത്. നിയമനത്തിൽ താഴെ പറയുന്ന രീതിയിൽ സംവരണ ശതമാനക്രമം പാലിച്ചിട്ടുണ്ട്.
<table>
<tr><td>പട്ടിക ജാതി</td><td>8</td></tr>
<tr><td>പട്ടിക വർഗ്ഗ വിഭാഗം</td><td>2</td></tr>
<tr><td>ഈഴവ</td><td>11</td></tr>
<tr><td>വിശ്വകർമ്മ</td><td>2</td></tr>
<tr><td>ഒബിസി</td><td>6</td></tr>
<tr><td>ധീവര</td><td>2</td></tr>
<tr><td>ഹിന്ദു നാടാർ</td><td>1</td></tr>
<tr><td></td><td></td></tr>
</table></td></tr>
<tr><td>(സി)</td><td>ശബരിമലയിൽ അബ്രാഹ്മണരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?</td><td>(സി)</td><td>ഇപ്പോൾ പരിഗണനയില്ല</td></tr>
</table>

സെക്ഷൻ ഓഫീസർ